ചെയ്യുന്നതാണ്. ഇത് അവിടെ നിന്നും ലഭിക്കാനുള്ള കാലതാമസംമൂലം വിൽപ്പനശാലകളിൽ സ്റ്റോക്കില്ലാതെ വന്നിട്ടുണ്ട്. കേന്ദ്രസർക്കാർ പദ്ധതിയിൽപ്പെടുത്തി വാങ്ങുന്ന ചെറുപയർ, കടല എന്നിവയും സ്റ്റോക്കില്ലാതെ വന്നിട്ടുണ്ട്.

(ബി) 12/70 രൂപ നിരക്കിൽ വിതരണം നടത്തുന്ന അരി പരമാവധി സ്റ്റോക്കെടുത്ത് വിൽപ്പനശാലകളിൽ എത്തിച്ചിട്ടുണ്ട്. ചെറുപയർ, കടല എന്നിവ പൊതുവിപണിയേക്കാൾ ശരാശരി 20% വിലക്കുറവിൽ ആവശ്യാനുസരണം വിൽപ്പനശാലകളിൽ നിന്നും വിതരണം ചെയ്തുവരുന്നു. ക്രിസ്തുമസ് പ്രമാണിച്ച് സ്പോർട്ടക്സ് ഇനത്തിലുള്ള പച്ചരി, ബോധന അരി, മട്ടയരി എന്നിവ കി.ഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യാനുള്ള നടപടിയെടുത്തിട്ടുണ്ട്.

സപ്ലൈകോ സാധനങ്ങളുടെ ഗുണനിലവാരം

70 (1630) ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോവഴി വിൽപ്പന നടത്തുന്ന പല സാധനങ്ങളുടെയും ഗുണനിലവാരം മോശമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഗുണനിലവാരം ഉറപ്പുവരുത്തുവാൻ പ്രത്യേകം സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ചില സാധനങ്ങളിൽ ഗുണമേന്മയിൽ നേരിയ വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്വേഷണം നടത്തി വരുന്നു.

(സി) ഗുണനിലവാരം ഉറപ്പുവരുത്താൻ ശക്തമായ സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. എന്നിരുന്നാലും, കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് കൂടുതൽ ശക്തിപ്പെടുത്തിവരുന്നു. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയും എടുത്തുവരുന്നു.

റേഷൻ ഡീലേഴ്സിന്റെ ആനുകൂല്യങ്ങൾ

71 (1631) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര റേഷൻ കടകൾ പ്രവർത്തിച്ചു വരുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) റേഷൻ ഡീലേഴ്സിന് എന്തെല്ലാം ആനുകൂല്യങ്ങളും ക്ഷേമ പദ്ധതികളും നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly